**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീമതി.എസ്.എ കവിതയുടെ മകന്റെ ക്യാൻസർ സംബന്ധമായ രോഗത്തിന് (Osteosarcoma) തിരുവനന്തപുരത്തുള്ള കിംസ് കാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് 1,50,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ. (സാധാ) നം2508/2018/തസ്വഭവ. തീയതി, തിരുവനന്തപുരം,26/09/2018.**

---

പരാമർശം :-

1. 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകുവ നമ്പർ ഉത്തരവ്.
2. 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകുവ നമ്പർ ഉത്തരവ്.
3. 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകുവ നമ്പർ ഉത്തരവ്.
4. 27/07/2018 ലെ ശ്രീമതി.എസ്.എ കവിതയുടെ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 02/08/2018 ലെ എഫ് 2-27350/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.എസ്.എ കവിതയുടെ (ജനനത്തീയതി 16/04/1974, Permanent Employee Number- 461121) മകന്റെ ക്യാൻസർ (Osteosarcoma) രോഗത്തിന് തിരുവനന്തപുരത്തുള്ള കിംസ് കാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് 1,50,000/- രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.എസ്.എ കവിതയുടെ (ജനനത്തീയതി 16/04/1974, Permanent Employee Number- 461121) മകന്റെ ക്യാൻസർ (Osteosarcoma) രോഗത്തിന് തിരുവനന്തപുരത്തുള്ള കിംസ് കാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് 1,50,000/- രൂപ (രൂപ ഒരു ലക്ഷത്തി അമ്പതിനായിരം മാത്രം) പരാമർശം ഒന്നു മുതൽ മൂന്നു വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെയും ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(1) അനുവദിക്കുന്ന 1,50,000/- രൂപയുടെ (രൂപ ഒരു ലക്ഷത്തി അമ്പതിനായിരം മാത്രം) പലിശരഹിത ചികിത്സാ വായ്പ ശ്രീമതി.എസ്.എ കവിത സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്.

(2) കിംസ് കാൻസർ സെന്ററിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.

(3) പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കേണ്ടതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .

(4) ശ്രീമതി.എസ്.എ കവിതയുടെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

(5) പലിശരഹിത വായ്പ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.

(6) പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(7) അനുവദിക്കുന്ന 1,50,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.

(8) പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.എസ്.എ കവിത, അക്കൗണ്ടന്റ്, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള , ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ധനകാര്യ വകുപ്പ്(No.936816/Dev-2/2018-FIN Dated 05/09/2018).
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(G2/1605/2018/H&FWD Dated 10/08/2018).
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ 3/225/18/തസ്വഭവ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ